മാതൃഭൂമി

06 November 2025

# കാൻവാസിലുണ്ട്

## കടലോരജീവിതം, ഹൃദയത്തുടിപ്പുകൾ...

**കൊച്ചി ▸** കടൽത്തീരത്തെ ജീവിതത്തിന്റെ നിമിഷങ്ങൾ കാൻവാസിൽ പകർത്തിയ വേവ്സ് ഓഫ് ആർട്ട് ലൈവ് പെയിന്റിങ് ശ്രദ്ധേയമാകുന്നു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന നാലാമത് ആഗോള മറൈൻ സിമ്പോസിയമായ മീകോസിനോട് അനുബന്ധിച്ചാണ് എട്ട് കലാകാരരുടെ തത്സമയ ചിത്രരചന. മത്സ്യത്തൊഴിലാളികൾ മീൻപിടിച്ചെത്തുന്ന രംഗങ്ങൾ, വല വലിച്ചുകയറ്റുന്ന കാഴ്ചകൾ, മത്സ്യസംസ്കരണം, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ദൈനംദിന ജീവിതരീതികൾ തുടങ്ങിയവ കലാകാരന്മാർ തത്സമയം കാൻവാസിൽ പകർത്തുന്നത് ജനങ്ങൾക്ക് നവ്യാനുഭവമായി.

ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ-ഗവൺമെന്റൽ ഓർഗനൈസേഷന്റെ (ബിഒബിപി) നേതൃത്വത്തിലാണ് പ്രൊഫഷണൽ കലാകാരന്മാരെയും കലാപ്രേമികളെയും സഹകരിപ്പിച്ച് 'വേവ്സ് ഓഫ് ആർട്ട്' അരങ്ങേറുന്നത്. വാട്ടർ കളറും അക്രിലിക്കും ഉപയോഗിച്ചുള്ളതാണ് ചിത്രങ്ങൾ.

ബിഒബിപി ആർട്ടിസ്റ്റ് ഡോ. എസ്. ജയരാജനാണ് താത്പര്യമുള്ള കലാകാരൻമാരെ സഹകരിപ്പിച്ച് വേവ്സ് ഓഫ് ആർട്ട് ഒരുക്കിയത്.



▶ ആഗോള മറൈൻ സിമ്പോസിയമായ മീകോസിനോട് അനുബന്ധിച്ച് സിഎംഎഫ്ആർഐയിൽ നടക്കുന്ന വേവ്സ് ഓഫ് ആർട്ട് ലൈവ് പെയിന്റിങ്